**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2652 19/07/2011-ൽ മറുപടിയ്ക്ക്

**<u>കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതി</u>**

<u>ചോദ്യം</u> <u>മറുപടി</u>

**ശ്രീ. എസ്. ശർമ്മ**

ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ)കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ 50 ലക്ഷം രൂപ വരെ ചെലവു വരുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കി വരുന്നത്. അവ താഴെപറയുന്നവയാണ്.<br><br>1) മത്സ്യ വികസനം- തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കൽ<br>2) ശുദ്ധജല കൊഞ്ചിന്റെയും കരിമീനിന്റെയും സംരക്ഷണം.<br>3) അലങ്കാര മത്സ്യകൃഷി<br>4) മത്സ്യത്തൊഴിലാളി സമൂഹത്തിന് ശീതീകരണ സംവിധാനം ലഭ്യമാക്കൽ<br>5) കുട്ടനാട് വെറ്റ്ലാന്റ് എക്കോസിസ്റ്റം-മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ട്രെയിനിംഗ് & കപ്പാസിറ്റി ബിൽഡിംഗ്.<br>50 ലക്ഷത്തിനുമുകളിൽ ചെലവുവരുന്ന പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്നു. പ്രസ്തുത 4 പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) സാമ്പത്തിക പാരിസ്ഥിതിക സുരക്ഷക്കായി നെല്ലിന്റെയും മീനിന്റെയും സംയോജനം.<br>(Paddy fish integration for economic & ecological security)<br>2) ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കൂടുകളിലെ മത്സ്യകൃഷി<br>(Cluster based cage culture).<br>3) ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിനായി ഫിഷ്ഹാച്ചറികൾ<br>(Fish hatchery for raising adequate quality fingerlings)<br>4) കുളവാഴയുടെ നിർമ്മാർജ്ജനവും പുനരുപയോഗവും.<br>(Eradication & utilization of water hyacinth) |

| | |
|---|---|
| (ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) ഉണ്ട്. കുട്ടനാട് പാക്കേജ് പ്രകാരം നടപ്പാക്കി വരുന്ന കൃഷിവകുപ്പിന്റെ പദ്ധതി വിലയിരുത്തുന്നതിനായി കാർഷികോല്പാദന കമ്മീഷണർ അദ്ധ്യക്ഷനായും ബന്ധപ്പെട്ട വകുപ്പിലെ സെക്രട്ടറി, വകുപ്പ് തലവൻ എന്നിവരും സെക്രട്ടറി പ്ലാനിംഗ്, സെക്രട്ടറി വനം വകുപ്പ് എന്നിവരും ഉൾക്കൊണ്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിലെ മറ്റു പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും കാർഷികോല്പാദന കമ്മീഷണർ കൺവീനറും മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരും, ജില്ലാ കളക്ടർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട അംഗങ്ങളായുള്ള ഒരു കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കാർഷികോല്പാദന കമ്മീഷണർ ചെയർമാനായുള്ള ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ കുട്ടനാട് പാക്കേജ് വിലയിരുത്തുന്നുണ്ട്. ഇതിനു പുറമെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഫിഷറീസ് ഡയറക്ടറും ഫിഷറീസ് സെക്രട്ടറിയും സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ